# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(ഇന്ത്യൻ കമ്പനി ആക്ട് - 1956 പ്രകാരം സ്ഥാപിതം)
രജി: ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004

KSEB

ഓഫീസ് ഓഫ് ദി ഡയറക്ടർ
(എസ്.സി.എം. & ജി.ഇ.)
വൈദ്യുതി ഭവനം
പട്ടം, തിരുവനന്തപുരം

നമ്പർ. ഡി (എസ്.സി.എം. & ജി.ഇ.)/ ജി.4/പി.എച്ച്.വിസിറ്റ്/14-15 തീയതി. 17 /01 / 2015

## സർക്കുലർ

വിഷയം : കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള ഇടുക്കി ഭൂഗർഭ ജല വൈദ്യുത നിലയത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സ്ഥിരം ജീവനക്കാർക്ക് പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന :കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ വിവിധ സംഘടനകൾ സമർപ്പിച്ച നിവേദനം.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള ഏറ്റവും വലിയ ജല വൈദ്യുത നിലയമായ ഇടുക്കി ഭൂഗർഭ ജല വൈദ്യുത നിലയത്തിലേയ്ക്ക് സുരക്ഷാ കാരണങ്ങളാൽ ജീവനക്കാരുൾപ്പെടെ പുറത്തുനിന്നുള്ള സന്ദർശകർക്ക് കഴിഞ്ഞ കുറേ കാലമായി പ്രവേശനം അനുവദിച്ചിരുന്നില്ല. ജീവനക്കാരുടെ സംഘടനകൾ നൽകിയ അപേക്ഷയിൽ "ഒരു സ്ഥാപനത്തിലെ ജീവനക്കാർ ആ സ്ഥാപനത്തിന്റെ സുരക്ഷക്ക് തടസ്സമാകില്ല" എന്ന് അവകാശപ്പെട്ടിരുന്നു. ജീവനക്കാരുടെയും വിവിധ സംഘടനകളുടേയും നിരന്തരമായുള്ള നിവേദനങ്ങൾ പരിഗണിച്ച്, ജീവനക്കാരും മാനേജ്മെന്റും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് താഴെപ്പറയുന്ന ഉപാധികളോടെ, ഒരു നിശ്ചിത കാലത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി ഭൂഗർഭ ജല വൈദ്യുത നിലയത്തിലേക്ക് പ്രവേശനം നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

1. പ്രവേശനം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ നിലവിലുള്ള സ്ഥിരം ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.
2. സന്ദർശനത്തിനുള്ള ജീവനക്കാരുടെ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ തിരുവനന്തപുരത്തെ വൈദ്യുതി ഭവനിലുള്ള ഡയറക്ടർ (എസ്.സി.എം. & ജി.ഇ.) യുടെ ഓഫിസിൽ സമർപ്പിക്കേണ്ടതാണ്. ഓഫീസ് മേധാവിയുടെ ശുപാർശയും സീലും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
3. അപേക്ഷകൾ സന്ദർശന തീയതിക്ക് അഞ്ചു ദിവസം മുൻപെങ്കിലും എത്തിക്കേണ്ടതാണ്. ഒരു ദിവസം പരമാവധി 50 ജീവനക്കാർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. സാധാരണയായി ഒരു പാസ്സിൽ പത്തിലധികം ജീവനക്കാരെ അനുവദിക്കുന്നതല്ല.
4. ഡയറക്ടർ (എസ്.സി.എം. & ജി.ഇ.) യുടെ അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ സന്ദർശനത്തിനുള്ള പാസ്സ്, മൂലമറ്റം ജനറേഷൻ സർക്കിൾ ഓഫീസിൽ നിന്നും ഡെപ്യൂട്ടി ചീഫ് എൻജിനീയറോ എക്സിക്യൂട്ടീവ് എൻജിനീയറോ നൽകുന്നതാണ്.

5. അപേക്ഷ ലഭിക്കുന്നതിന്റെ മുൻഗണനാക്രമം അനുസരിച്ചായിരിക്കും ഡയറക്ടർ സന്ദർശനത്തിനുള്ള അനുമതി നൽകുന്നത്.

6. അപേക്ഷയോടൊപ്പം KSEBL ജീവനക്കാരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതും, സന്ദർശന സമയത്ത് പ്രസ്തുത കാർഡ് നിർബന്ധമായും കൈവശം വയ്ക്കേണ്ടതുമാണ്.

7. സന്ദർശന സമയം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 11:30 വരെയും, ഉച്ച തിരിഞ്ഞ് 2:30 മുതൽ 4:30 വരെയും മാത്രമായിരിക്കും. അവധി ദിവസങ്ങളിൽ പ്രവേശനം അനുവദിക്കുന്നതല്ല.

8. അടിയന്തിര ഘട്ടങ്ങളിൽ മുന്നറിയിപ്പ് കൂടാതെ തന്നെ സന്ദർശനത്തിനുള്ള പാസ്സ് റദ്ദാക്കുന്നതാണ്. ഇതു സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ല.

9. സന്ദർശന സമയത്തു ജീവനക്കാർ അവരവരുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. സന്ദർശന സമയത്ത് അപകടം, മറ്റ് നാശനഷ്ടങ്ങൾ തുടങ്ങിയവ ഉണ്ടായാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉത്തരവാദി ആയിരിക്കുന്നതല്ല..

10. സന്ദർശനവുമായി ബന്ധപ്പെട്ട് മൂലമറ്റം ജനറേഷൻ സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എൻജിനീയർ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ, ഗൈഡ് എന്നിവർ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും അനുസരിക്കേണ്ടതാണ്.

11. സന്ദർശനം മൂലം വൈദ്യുത നിലയത്തിന്റെ ദൈനംദിന പ്രവർത്തനത്തിൽ യാതൊരുവിധ തടസ്സവും ഉണ്ടാകാതിരിക്കാൻ ജീവനക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

12. സന്ദർശകർ മൂലമറ്റത്ത് എത്തുവാൻ ആവശ്യമായ വാഹന സൗകര്യം സ്വന്തം നിലയ്ക്ക് തന്നെ ഏർപ്പെടുത്തേണ്ടതാണ്. വൈദ്യുത നിലയത്തിനുള്ളിലേക്ക് വാഹനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നതല്ല.

13. സുരക്ഷാ കാരണങ്ങളാൽ, വൈദ്യുത നിലയത്തിലും പരിസരത്തും ഫോട്ടോ എടുക്കുന്നത് പൂർണ്ണമായും നിരോധിച്ചിരിക്കുകയാണ്.

14. സന്ദർശനവുമായി ബന്ധപ്പെട്ട പരാതികൾ ഡയറക്ടർ (എസ്.സി.എം. & ജി.ഇ.) യുടെ ഓഫീസിൽ മാത്രം സ്വീകരിക്കുന്നതും ഡയറക്ടറുടെ തീരുമാനം അന്തിമവുമായിരിക്കും.

15. 20-01-2015 മുതൽ 19-02-2015 വരെയുള്ള ഒരു മാസത്തെ കാലയളവിലേക്ക് മാത്രമായിരിക്കും പരീക്ഷണാടിസ്ഥാനത്തിൽ ഈ സന്ദർശനനുമതി നൽകുന്നത്.

16. 23-02-2015-ൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവലോകനം ചെയ്യുന്നതും, സംഘടനകൾ നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നതും ഉചിതമായ തുടർ നടപടികൾ സ്വീകരിയ്ക്കുന്നതുമായിരിക്കും.

ഒപ്പ്

ഡയറക്ടർ (എസ്.സി.എം. & ജി.ഇ.)

ഉള്ളടക്കം:- മാതൃകാ അപേക്ഷാ ഫോറം

പകർപ്പ് :-
1.. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും , മറ്റ് ഓഫീസ് മേധാവികൾക്കും.
2. സി.എം.ഡി.യുടേയും മറ്റു ഡയറക്ടർമാരുടേയും റ്റി.എ.
3. എല്ലാ ട്രേഡ് യൂണിയനുകൾക്കും ഓഫീസർമാരുടെ സംഘടനകൾക്കും

# APPLICATION FOR PERMISSION TO VISIT MOOLAMATTOM POWER HOUSE

1. Name of Employee :
2. Employee Code :
3. Designation :
4. Office Address :

5. Contact No.
6. No. of years of Service in KSEBL :
7. Date of proposed visit :
8. No. of employees ac  ıpanying :

**Declaration**

I...........................................................hereby declare that, I will obey all rules and regulations in connection with the proposed visit of Moolamattom Power House.

Place:
Date: Signature:

List of Employees accompanying

| Sl. No | Name | Employee Code | Designation |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |

**Recommendation of Office Head**

I hereby certify that the above ............(..................) employees and the applicant are regular employees of my office. I am fully aware that Moolamattom underground Power station is a high Security Area.

I recommend all the above Employees of my office for visiting Moolamattom Power House on .................

Date: Signature:
Name & Designation:

(Office Seal)

*Note: 1. Copy of Employee Identity Card to be attached with the application.*
*2. If the no. of applicants are more, list may be attached separately.*

**For office Use only.**

Date of receipt of application:
Time:
Serial No:
Permission issued for..........................Order No......................................Date..................
Date of Visit:

# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

(Reg. No. 01-14/87- Aff. No. 10485)
V.P.MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM-695 001
Phone: 2471087- Fax: 0471 2471087
email: keecintuchq@gmail.com
Web: www.keecintuc.com

KEEC

PRESIDENT
K.P. DHANAPALAN M.P.

GENERAL SECRETARY
SIBYKUTTY FRANCIS


തിരുവനന്തപുരം,
21.10.2013.

**സ്വീകർത്താവ്**

**ബഹുമാനപ്പെട്ട ചെയർമാൻ,**
**കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡ്,**
**വൈദ്യുതി ഭവനം,**
**തിരുവനന്തപുരം.**

**സർ,**

സൂചന:- വൈദ്യുതി ബോർഡിന്റെ പ്രോജക്ടുകൾ സന്ദർശിക്കുന്നതു് സംബന്ധിച്ച്.

വൈദ്യുതി ബോർഡിന്റെ പ്രോജക്ട് ഏരിയായിൽ ചില പ്രത്യേക കാലയളവിൽ സന്ദർശിക്കുന്നതിന് അനുവാദം നല്കാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ബോർഡ് ജീവനക്കാരന് സ്വന്തം സ്ഥാപനം എന്ന നിലയ്ക്കുള്ള ഒരു പരിഗണന നല്കണമെന്നും ബോട്ടിംഗ് ഉൾപ്പെടെയുള്ള വിനോദങ്ങളിൽ പരിഗണനയുടെ ഭാഗമായി ഫീസിൽ ഇളവ് അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മൂഴിയാർ, മൂലമറ്റം തുടങ്ങിയ പവർഹൗസ് സന്ദർശിക്കുന്നതിന് സുരക്ഷാകാരണങ്ങളുടെ പേരിൽ പൊതുവായി അനുവാദം നല്കാറില്ല. എന്നാൽ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളി അവിടുത്തെ സുരക്ഷയ്ക്ക് പ്രശ്നമാകുമെന്നുള്ള വാദഗതി തികച്ചും വാസ്തവ വിരുദ്ധമാണ്. ആയതിനാൽ ബോർഡ് ജീവനക്കാർക്ക് പവർ ഹൗസുകൾ സന്ദർശിക്കുന്നതിനുള്ള അനുവാദം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Sibykutty

ജനറൽ സെക്രട്ടറി.